"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1088/2024/ID തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 27.03.2024 തീയതിയിലെ DOKOT-DMG/25/2023-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം 08.08.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 20.10.2024- ലെ ഡിഎംജി/2807/2024-എം4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ബ്ലോക്ക് നം. 6 റീസർവ്വേ നം. 164/1, 164/2, 164/3 ൽ- ഉൾപ്പെട്ട സ്ഥലത്ത് നിന്നും മുൻകാലങ്ങളിൽ കരിങ്കല്ല് ഖനനം ചെയ്ത വകയിൽ ഈടാക്കേണ്ട തുക സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള അധിക ഖനന /അനധികൃത ഖനന കുടിശിക നിവാരണ അദാലത്തിന്റെ ഭാഗമായി പരിഗണിച്ച് തീർപ്പുകൽപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ച് ശ്രീ.ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം എന്ന വ്യക്തി കോട്ടയം ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസിൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടി സ്ഥലത്ത് നിന്നും നീക്കിയ കരിങ്കല്ലിന്റെ അളവ് 70040.04 cubic meter (175100.1 മെട്രിക് ടൺ) ആണെന്ന് വകുപ്പ് സർവെയർ തിട്ടപ്പെടുത്തി നല്കിയതിന്റെയും, മുൻകാലങ്ങളിൽ അനുവദിച്ച ഖനനാനുമതികൾ /കടിശ്ശിക ഈടാക്കിയ അളവുകൾ എന്നിവ കുറവ് ചെയ്തും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കിയ ADALATH 2023-DATA SHEET ലൂടെ ഈടാക്കേണ്ട തുക കണക്കാക്കിയത് പ്രകാരം കുടിശിക റോയൽറ്റി 1,08,12,680/-- രൂപ, കോമ്പൌണ്ടിങ് ഫീസ് 5,00,000 രൂപ എന്നിവ അടക്കം 1,13,12,680/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് കോട്ടയം ജിയോളജിസ്റ്റ് 27.03.2024 ൽ നൽകിയ പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ. ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം 08.08.204 ൽ പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 15/10/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, കോട്ടയം ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജി സംബന്ധിച്ച് അപ്പീൽകക്ഷിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ റീ സർവ്വെ നം.164/1, 164/2, 164/3 എന്നീ സ്ഥലങ്ങൾ ഉൾപ്പെട്ട സ്ഥലത്ത് നിന്നും മുൻകാലങ്ങളിൽ ഖനനം ചെയ്ത വകയിൽ ഈടാക്കേണ്ട തുക അദാലത്തിന്റെ ഭാഗമായി പരിഗണിച്ച് തീർപ്പ കൽപ്പിക്കണമെന്ന് അപേക്ഷ നൽകിയിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി 27/03/2024 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 1,13,12,680/- രൂപ അടയ്ക്കുവാൻ ഡിമാന്റ് നോട്ടീസ് ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ പരിഗണിച്ച് ഡിമാന്റ് നോട്ടീസ് പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഈ ഡിമാന്റ് നോട്ടീസ് ലഭിക്കുന്നതിന് മുൻപായി മേൽ വിവരിക്കുന്ന സർവ്വേ നമ്പരുകളിൽ നിന്നും തന്നെ ഖനനാനുമതി ഉള്ളതും ഇല്ലാത്തതുമായ ഭാഗങ്ങളിൽ നിന്ന് കരിങ്കല്ല് ഖനനം നടത്തിയതിന് കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിട്ടുള്ളതാണ്. ടി കാരണം കാണിക്കൽ നോട്ടീസിന്റെ മറുപടിയായി 17/11/2023 ൽ വിശദമായ മറുപടി നൽകിയിട്ടുള്ളതുമാണ്. ഈ മറുപടിയിലെ വസ്തുതകൾ ഒന്നും ഡിമാന്റ് നോട്ടീസ് തയ്യാറാക്കുമ്പോൾ പരിഗണിച്ചിട്ടില്ല.

1999 മുതൽ 2008 വരെ അപ്പീൽ കക്ഷിയുടെ പിതാവിന്റെ പേരിൽ അനുവദിച്ചിട്ടുള്ള ക്വാറി പെർമിറ്റുകളിൽ പിതാവ് കൈവശം സൂക്ഷിച്ച 5 പെർമിറ്റുകൾ മാത്രമാണ് പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്. ഈ കാലയളവിൽ അപ്പീൽ കക്ഷിയുടെ പിതാവിന്റെ പേരിൽ തന്നെ അനേകം പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളതും ആയതിന്റെ കോപ്പി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടപ്പോൾ ഇല്ലാ എന്ന മറുപടിയാണ് ലഭിച്ചത്. ഓഫീസ് രേഖകൾ പരിശോധിച്ച് ആ പെർമിറ്റുകൾ പ്രകാരം നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവ് ഡിമാന്റ് നോട്ടീസിനുവേണ്ടി പട്ടിക തയ്യാറാക്കുമ്പോൾ കുറവ് ചെയ്തിട്ടില്ലാത്തതുമാണ്. 2008 മുതൽ 2016 വരെ CRPS സമ്പ്രദായത്തിലൂടെ അനുവദിച്ച 6 പെർമിറ്റുകൾ മാത്രമേ കൈവശം ഉണ്ടായിരുന്നുള്ളു. എന്നാൽ ഈ കാലയളവിൽ 8 പെർമിറ്റുകളാണ് അനുവദിച്ചത്. ബാക്കി വന്ന 2 പെർമിറ്റുകൾ പ്രകാരം നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവും ഓഫീസ് രേഖകൾ പരിശോധിച്ച് കുറവ് ചെയ്തിട്ടില്ലാത്തതുമാകുന്നു. മാത്രവുമല്ല ഈ കാലയളവിൽ അനുവദിച്ച പാസ്സുകൾ പ്രകാരം 1 ലോഡ് 5 ടണ്ണായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. വിസ്തീർണ്ണം അടിസ്ഥാനപ്പെടുത്തിയുള്ള CRPS സമ്പ്രദായത്തിൽ ടണ്ണിന്റെ പരിമിധികൾ ഇല്ലാത്തതുമാണ്. 10, 15 ടൺ കയറ്റിക്കൊണ്ടുപോയ വാഹനങ്ങളുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുമാണ്.

അപ്പീൽ കക്ഷിയുടെ പിതാവ് മരണപ്പെട്ടതിനാൽ എക്സ്പ്ലോസീവ് ലൈസൻസ് ഇല്ലാതാകുകയും 2016 ഡിസംബർ മാസംവരെ പെർമിറ്റ് കാലാവധി ഉണ്ടായിരുന്നെങ്കിലും 17/09/2016 തീയതി തന്നെ ഖനന പ്രവർത്തനങ്ങൾ നിറുത്തിവച്ചിട്ടുള്ളതുമാണ്. ആയതിനുശേഷം മൈനിംഗ് പ്ലാൻ, പരിസ്ഥിതി അനുമതി മറ്റു ലൈസൻസുകൾ എന്നിവ സമ്പാദിച്ച് 2021 ഡിസംബർ അവസാനം മാത്രമാണ് ഖനന പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുള്ളത്.

ഡിമാന്റ് നോട്ടീസിനോടൊപ്പമുള്ള പട്ടിക പ്രകാരം 5/01/2015 മുതൽ 31/03/2023 വരെയുള്ള കാലഘട്ടത്തിൽ അനുവദിച്ചതിലധികം ഖനനം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 73664.79 മെ. ടൺ ആണ്. എന്നാൽ ഇതിൽ ഭൂരിഭാഗവും 2016 ലെ അവസാന പെർമിറ്റ് കാലാവധിക്ക് മുൻപ് പൊട്ടിച്ചിട്ടുള്ളതാണ്. 2018 ൽ തയ്യാറാക്കിയ മൈനിംഗ് പ്ലാൻ പ്രൊഫൈൽ പരിശോധിച്ചാൽ ഇതു മനസ്സിലാകുന്നതാണ്. 2018 ൽ തയ്യാറാക്കിയ മൈനിംഗ് പ്ലാനിലെ സർഫസ് പ്ലാനിൽ മൈനിംഗ് ഏര്യായ്ക്കകത്ത് പഴയ കുഴി രേഖപ്പെടുത്തിയിട്ടുള്ളതും ആ സമയത്തുള്ള ഗൂഗിൾ ഇമേജിൽ ആ കുഴി കാണാവുന്നതുമാണ്. ഇപ്പോൾ വന്നിരിക്കുന്ന 73664.79 മെ. ടണ്ണായ അധിക ഖനനം ഇതും ചേർത്തിട്ടാണ്.

ആയതിനാൽ മൈനിംഗ് ഏര്യായ്ക്കകത്തുള്ള പഴയ കുഴിയുടെ അളവ് പുതുതായി ഖനനം ചെയ്തത് എന്ന രീതിയിൽ കണക്കാക്കി ആണ് പെനാലിറ്റി ഈടാക്കിയിരിക്കുന്നത്. ആയത് പരിശോധിച്ച് കൃത്യമായി അതതു കാലഘട്ടത്തിലെ അധികഖനനത്തിന്റേതായ പെനാലിറ്റി ഈടാക്കേണ്ടതാണ്. ഈ വക കാര്യങ്ങൾ എല്ലാം ജിയോളജിസ്റ്റിന് നൽകിയ മറുപടിയിൽ വിവരിച്ചെങ്കിലും ജിയോളജിസ്റ്റ് അത് പരിഗണിച്ചിട്ടില്ല. പട്ടികയിൽ മേൽമണ്ണിന്റെ അളവ് 3931.78 $M^3$ മാത്രമാണ്. എന്നാൽ ഇത് ഉദ്ദേശം 10000$M^3$ ഓളം വരും. ഈ വസ്തുതയും പുനർ നിർണ്ണയത്തിന് വിധേയമാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ജിയോളജിയിൽ കത്ത് കൊടുത്തിട്ടുള്ളതും ആയതിന് 12/07/2024 ലെ മൈനിംഗ് & ജിയോളജിയിൽ നിന്നു മറുപടി കത്തും ലഭിച്ചിട്ടുള്ളതാണ്. അതിൽ പറഞ്ഞിരിക്കുന്നത് തീർത്തും വസ്തുതാ വിരുദ്ധമാണ്.

പലപ്രാവശ്യം കോട്ടയം മൈനിംഗ് & ജിയോളജിയിൽ പോയി കൈവശമില്ലാത്ത പെർമിറ്റ് രേഖകൾ വിവരാവകാശം വച്ച് അന്വേഷിച്ചപ്പോൾ ഇല്ല എന്ന മറുപടിയാണ് കിട്ടിയത്. കത്തിലെ രണ്ടാമത്തെ മറുപടിയിൽ 2018 ൽ അംഗീകരിച്ച മൈനിംഗ് പ്ലാനിലെ മൈനിംഗ് ഏര്യായ്ക്കകത്തുള്ള പഴയ കുഴിയുടെ അളവ് ആ കാലഘട്ടത്തിലെ പെനാലിറ്റി ആയിട്ടാണ് കണക്കാ ക്കേണ്ടത്. എന്നാൽ ഈ അളവ് പുതിയ പൈനാലിറ്റിയിലാണ് കണക്കാക്കിയിട്ടുള്ളത്. മൈനിംഗ് പ്ലാനിൽ കാണിച്ചിട്ടുള്ള പഴയ കുഴിയുടെ അളവ് അന്നെടുത്ത സർവ്വേ പ്രകാരം R Q P യുടെ പക്കലുള്ളതാണ്. ആയത് ജിയോളജിസ്റ്റ് ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കുവാൻ തയ്യാറുമാണ്.

ഈ വസ്തുതകൾ എല്ലാം പരിഗണനയിൽ എടുത്ത് ഡിമാന്റ് നോട്ടീസ് പുനർ നിർണ്ണയിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ട താണ്.

4. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ബ്ലോക്ക് നം.6, റീ സർവ്വേ നം.164/1, 164/2, 164/3 ൽ ഉൾപ്പെട്ട സ്ഥലത്ത് നിന്നും മുൻകാലങ്ങളിൽ ഖനനം ചെയ്ത കരിങ്കല്ലിന് കുടിശ്ശിക ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കുന്നതിന് സർക്കാരിന്റെ സ ഉ(കൈ)നം 61/2023/വ്യവ തീയതി 25/8/2023, സ ഉ(കൈ) നം.10/2024/വ്യവ തീയതി 06.02.2024 എന്നീ ഉത്തരവുകളുടേയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 11/9/2023 തീയതിയിലെ 3401/M5/2022 സർക്കുലറിന്റേയും അടിസ്ഥാനത്തിൽ 27/03/2024 തീയതിയിൽ കോട്ടയം ജില്ലാ ഓഫീസിൽ നിന്നും നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ച 0.9093 ഹെക്ടർ സ്ഥലത്തു നിന്നും 54430 മെ. ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് 17/04/2023 തീയതിയിൽ കോട്ടയം ജില്ലാ ഓഫീസിൽ നിന്നും നം 01/2023-24/GBS/QP/DOKOT-DMG/25/2023-M നമ്പറായി ഖനനാനുമതി നൽകിയിരുന്നു. ആയതിന് 16/04/2024 തീയതി വരെ സാധുത ഉള്ളതായിരുന്നു. വകുപ്പ് സർവ്വേയർ 11/9/2023 ൽ സമർപ്പിച്ച സ്കെച്ച് പ്രകാരം ഖനനാനുമതി നൽകിയിരുന്ന സ്ഥലത്തിന് അകത്തു നിന്നും പുറത്തു നിന്നും ഖനനം നടത്തിയിട്ടുള്ളതാണ്. ടി സ്കെച്ചിനെ ആധാരമാക്കി ഡിമാന്റ് നോട്ടീസ് നൽകുന്നതിന് മുന്നോടിയായി 2/11/2023 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മേൽ പരാമർശിത സ്ഥലത്തു നിന്നും കരിങ്കല്ല് ഖനനത്തിന് സമ്പാദിച്ചിട്ടുള്ള ഖനനാനുമതികൾ/മൂവ്മെന്റ് പെർമിറ്റ് /റോയൽറ്റി ഒടുക്കിയ ചലാനുകൾ / മുൻകാലങ്ങളിൽ കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ

അപ്പലന്റിന് അവസരം നൽകുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് ടിയാൻ ഹാജരാക്കിയിട്ടുള്ള എല്ലാവിധ രേഖകളും പരിഗണച്ചുകൊണ്ടാണ് ഡിമാന്റ് നോട്ടീസ് നൽകിയത്.

കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം പ്രകാരം ഖനനാനുമതി സമ്പാദിച്ച വർഷങ്ങളിൽ അർഹമായ പാസുകൾ പോലും അപ്പലന്റ് കോട്ടയം ജില്ല ഓഫീസിൽ നിന്നും മേലൊപ്പിട്ട് കൈപ്പറ്റിയിട്ടില്ലാത്തതാണ്. ആയതിനാൽ നിലവിൽ ടിയാൻ തിരഞ്ഞെടുത്ത സ്ലാബിന് അർഹമായ ഒരു പാസിന് 5 മെ. ടൺ എന്ന ആനുകൂല്യം അപ്പലന്റിന് നൽകിയിട്ടുള്ളതാണ്.

1999 മുതൽ 2008 വരെ അപ്പീൽ കക്ഷിയുടെ പിതാവിന്റെ പേരിൽ അനുവദിച്ച ക്വാറിയിംഗ് പെർമിറ്റുകളിൽ താൻ ഹാജരാക്കിയ 5 പെർമിറ്റുകൾ മാത്രമാണ് പരിഗണിച്ചത് എന്നതാണ് അപ്പലന്റിന്റെ ആക്ഷേപം ടി കാലയളവിലെ മുഴുവൻ ഖനനാനുമതികളും ഓഫീസ് രേഖകൾ പരിശോധിച്ച് ഉദ്യോഗസ്ഥർ തന്നെ കണ്ടെത്തണമെന്നത് പ്രായോഗികമല്ല. അദാലത്തിന്റെ ഭാഗമായി അപേക്ഷകൾ പരിഗണിക്കുമ്പോൾ അവശ്യ രേഖകൾ അപേക്ഷകൻ തന്നെ ഹാജരാക്കണമെന്നാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്.

വിവരാവകാശ നിയമപ്രകാരം ശ്രീ. ബെൽജി ഇമ്മാനുവേൽ 17/10/2023 തീയതിയിൽ ജില്ലാ ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ 2000 മുതൽ 2016 വരെ പാറഖനനം നടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാവുന്നതും ആവശ്യമായ രേഖകളുടെ പകർപ്പുകൾ സമ്പാദിക്കാവുന്നതാണെന്നും 14/02/2023 ൽ ടിയാന് ജില്ലാ ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതുമാണ്.

പരാമർശിത സ്ഥലത്ത് മുൻകാലങ്ങളിൽ സമ്പാദിച്ചിട്ടുള്ള ഖനനാനുമതികൾ കണക്കിലെടുത്ത്, ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഡാറ്റ ഷീറ്റിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ കുടിശ്ശിക സിസ്റ്റം ജനറേറ്റഡ് ആയി ലഭ്യമാക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ഡാറ്റ ഷീറ്റിൽ ഖനനാനുമതി സമ്പാദിച്ചിട്ടുള്ള അളവിന്റെ നേർ അനുപാതത്തിലാണ് അതാത് കാലത്തെ അനധികൃത ഖനനവും എന്ന നിലയ്ക്കാണ് പരിഗണിക്കുന്നത്.

മേൽ പരാമർശിത സ്ഥലത്ത് വകുപ്പ് തല സർവ്വേയർ മുഖേന ടോട്ടൽ സർവ്വെ നടത്തി 11/09/2003 തീയതിയിൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഖനനാനുമതി ലഭിച്ചിരുന്ന സ്ഥലത്തിന് പുറത്തു നിന്നും 22165.370 ക്യൂബിക് മീറ്റർ, അനുവദിച്ച ഏര്യായ്ക്ക് ഉള്ളിൽ നിന്നും 46942.130 ക്യൂബിക് മീറ്റർ, ബഫർ സോണിൽ നിന്നും 4227.560 ക്യൂബിക് മീറ്റർ, നിലവിൽ വെള്ളക്കെട്ടായി കിടക്കുന്ന ഭാഗത്തു നിന്നും 636.760 ക്യൂബിക് മീറ്റർ എന്നിങ്ങനെ കരിങ്കല്ല് നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് സ്റ്റോക്കുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മേൽമണ്ണിന്റെ അളവ് കുറവ് ചെയ്താണ് ആകെ നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവ് കണ്ടെത്തിയിട്ടുള്ളതെന്നും ടി സ്ഥലത്തു നിന്നും നാളിതുവരെ ആകെ നീക്കം ചെയ്ത ധാതുവിന്റെ അളവാണ് 11/09/2023 തീയതിയിലെ സർവ്വെ സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും 1999 മുതൽ ഈ സ്ഥലത്ത് ഖനനം നടന്നു വന്നിരുന്നതായി അപ്പലന്റ് തന്നെ സമ്മതിച്ചിട്ടുള്ളതാണെന്നും 23/02/2018 തീയതിയിൽ അംഗീകരിച്ച മൈനിംഗ് പ്ലാനിൽ പഴയ കുഴി രേഖപ്പെടുത്തിയിട്ടുള്ളത് പരിഗണിക്കണമെന്നാണ് അപ്പീൽ ഹർജിയിലെ മറ്റൊരു വാദം. വിവിധ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള ഖനനപ്രവർത്തനങ്ങൾക്ക് കാലാനുസൃത ഇളവ് അനുവദിച്ച തന്നെയാണ് അധിക ഖനന/അനധികൃത ഖനന ആദാലത്തിന്റെ ഭാഗമായി വകുപ്പ് ആസ്ഥാനത്തു നിന്നും ഡേറ്റാ ഷീറ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നും ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ അദാലത്ത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിൽ

പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് കുടിശ്ശിക കണക്കാക്കിയിരിക്കുന്നത് എന്ന് കാണുന്നതിനാൽ അപ്പീൽ ഹർജിയിൽ ഉന്നയിക്കുന്ന വാദങ്ങൾ പരിഗണനാർഹമല്ല.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷിയുടെ പിതാവ് മരണപ്പെട്ടതിനാൽ എക്സ്പ്ലോസീവ് ലൈസൻസ് ഇല്ലാതാകുകയും 2016 ഡിസംബർ മാസംവരെ പെർമിറ്റ് കാലാവധി ഉണ്ടായിരുന്നെങ്കിലും 17/09/2016 തീയതി തന്നെ ഖനന പ്രവർത്തനങ്ങൾ നിറുത്തിവച്ചിട്ടുള്ളതു മാണെന്നും ആയതിനുശേഷം മൈനിംഗ് പ്ലാൻ, പരിസ്ഥിതി അനുമതി മറ്റു ലൈസൻസുകൾ എന്നിവ സമ്പാദിച്ച് അപ്പീൽ കക്ഷിയുടെ പേരിൽ 2021 ഡിസംബർ അവസാനം മാത്രമാണ് ഖനന പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുള്ളതെന്നും, 2018 ൽ തയ്യാറാക്കിയ മൈനിംഗ് ഏര്യായുടെകത്ത് പഴയ കുഴി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആ സമയത്തുള്ള ഗൂഗിൾ ഇമേജിൽ ആ കുഴി കാണാവുന്നതുമാണെന്നും, ഈ അളവ് പുതിയതായി ഖനനം ചെയ്തത് എന്ന രീതിയിൽ കണക്കാക്കി പെനാലിറ്റി ഈടാക്കിയിരിക്കുന്നത് തെറ്റാണെന്നും അതതു കാലഘട്ടത്തിലെ അധിക ഖനനത്തിന്റേതായ പെനാലിറ്റി ഈടാക്കണമെന്നുള്ള അപ്പീൽ കക്ഷിയുടെ വാദങ്ങളുടെ അടിസ്ഥാനത്തിൽ, അപ്പീൽ കക്ഷിയുടെ ചെലവിൽ KSREC ന്റെ സേവനം പ്രയോജനപ്പെടുത്തി അപ്പീൽ കക്ഷി ഏത് കാലഘട്ടത്തിലാണ് അനധികൃത ഖനനം നടത്തിയതെന്ന് കണ്ടെത്തി അതനുസരിച്ചുള്ള KSREC -ന്റെ റിപ്പോർട്ടിന്റെയും അപ്പീൽ കക്ഷി ഇതുമായി ബന്ധപ്പെട്ട ഹാജരാക്കുന്ന മറ്റ് ആധികാരിക രേഖകളുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റും ഡയറക്ടറേറ്റിലെ ഒരു സീനിയർ ഉദ്യോഗസ്ഥനും ചേർന്ന് അനധികൃത ഖനനത്തിന്റെ അളവ് പുനർനിർണ്ണയം നടത്തി അതനുസരിച്ച് അനധികൃത ഖനനം നടന്ന കാലയളവുകളിൽ നിലനിന്നിരുന്ന KMMC ചട്ടം പ്രകാരമുള്ള പെനാൽറ്റി നിർണ്ണയിച്ച് തുക ഈടാക്കുവാനുള്ള സത്വര നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ബെൽജി ഇമ്മാനുവൽ, ചിറ്റക്കാട്ട് തടത്തിൽ, കുറിച്ചിത്താനം.പി.ഒ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 16-11-2024 16:02:24
സെക്ഷൻ ഓഫീസർ